**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5936** **08-11-2021 - ൽ മറുപടിയ്ക്ക്**

**ആധാരം എഴുത്തുകാർക്കും, സ്റ്റാമ്പ് വെണ്ടർമാർക്കും, പകർപ്പെഴുത്തുകാർക്കും പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ആധാരം എഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ, പകർപ്പെഴുത്തുകാർ എന്നിവർക്ക് ക്ഷേമനിധി പദ്ധതിയിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ എത്ര പേർക്കാണ് പെൻഷൻ വിതരണം ചെയ്യുന്നത്; | (എ) | പെൻഷൻ, കുടുംബ പെൻഷൻ, പ്രത്യേക പെൻഷൻ എന്നീ ഇനങ്ങളിലായി ആകെ 56 പേർക്ക് പെൻഷൻ വിതരണം ചെയ്തുവരുന്നു. |
| (ബി) | പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ? | (ബി) | പെൻഷൻ: ക്ഷേമനിധി പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് ക്ഷേമനിധിയിൽ അഞ്ചു വർഷത്തിൽ കുറയാതെ അംശാദായം അടച്ചിട്ടുള്ള ഒരു അംഗം തൊഴിൽ അവസാനിപ്പിച്ചാൽ അദ്ദേഹത്തിന് പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. പ്രത്യേക പെൻഷൻ : ക്ഷേമനിധി ആക്റ്റിന്റെ പ്രാരംഭ തീയതിക്കു മുൻപ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തിയഞ്ച് വർഷത്തിൽ കുറയാതെ ആധാര മെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ഒരാളിന് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശാദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ :- പത്തു വർഷത്തിൽ കുറയാതെ അംശാദായം അടച്ചിട്ടുള്ള അംഗം മരിച്ചു പോയാൽ അയാളുടെ ആശ്രിതന് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ